പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1111 05.03.2020-ൽ മറുപടിക്ക്

## ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി തലത്തിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 20 ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനായി Enhancement of English Learning എന്ന പദ്ധതി നടത്തി വരുന്നു. |
| (ബി) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഹയർ സെക്കന്ററി തലത്തിലെ ഒന്നും രണ്ടും വർഷങ്ങളിലെ മുഴുവൻ പാഠപുസ്തകങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള (74 ടൈറ്റിലുകൾ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ശാസ്ത്ര-മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യുവാൻ അദ്ധ്യാപകർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഹയർ സെക്കന്ററി തലത്തിൽ 10 ദിവസത്തെ സമഗ്ര അധ്യാപക പരിവർത്തന പരിപാടി (എച്ച്.എസ്.എസ്.റ്റി.റ്റി.പി) കഴിഞ്ഞ രണ്ട് വർഷമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ